"ഭരണഭാഷ-മാതൃഭാഷ"

No.- DWCD/4751/2026-ICDSA4

വനിതാ-ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 14-08-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

വനിതാ-ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടികളിൽ **"ഹർ ഘർ തിരംഗ"**യുടെ പ്രചാരണ പ്രവർത്തങ്ങൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്:-

സൂചന:- കേന്ദ്ര സർക്കാരിന്റെ 05/08/2026 തീയതിയിലെ F NO. 24/2022-CD-I- Part (1) (e- 100278) നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൗരന്മാരിൽ ദേശ സ്നേഹം വളർത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി **" ഹർ ഘർ തിരംഗ "** എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു വരുന്നുണ്ട്. 2026 വർഷത്തെ **'ഹർ ഘർ തിരംഗ'**യുടെ ഭാഗമായി അങ്കണവാടികളിൽ ചുവടെ ചേർക്കും പ്രകാരമുള്ള വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം കേന്ദ്ര വനിതാ- ശിശു വികസന മന്ത്രാലയം നിർദേശം നല്കിയിട്ടുണ്ട്.

1. അങ്കണവാടികളിൽ ദേശീയ പതാക ഉയർത്തുക.
2. അങ്കണവാടികളിൽ ദേശീയ ഗീതം ആലപിക്കുക.
3. ഹർ ഘർ തിരംഗ ക്യാമ്പയിന്റെ ഭാഗമായി സ്ത്രീകൾ, കുട്ടികൾ , ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ മറ്റ് ഗുണഭോക്താക്കൾ എന്നീ വിഭാഗങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
4 . ഹർ ഘർ തിരംഗ പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട സെൽഫികൾ www.harghartiranga.com എന്ന ഹർ ഘർ തിരംഗ പോർട്ടലിൽ അപ് ലോഡ് ചെയ്യുക .

ടി പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം കേന്ദ്ര സർക്കാർ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമായിൽ 2026 ആഗസ്റ്റ് 16 ന വനിതാ-ശിശു വികസന കാര്യാലയത്തിലെ NNM സെക്ഷനിലെ കൺസൾട്ടന്റ് ശ്രീമതി. ചിനിത എസ് സൌന്ദറിന് nnmwcdkerala@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദേശം നല്കുന്നു. (ഫോൺ നമ്പർ 8943049689)

അങ്കണവാടികളിൽ 'ഹർ ഘർ തിരംഗ' പരിപാടിയുമായി ഭാഗമായുള്ള പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദേശം കീഴ് കാര്യാലയങ്ങൾക്ക് പ്രോഗ്രാം ഓഫീസർമാർ , ശിശു വികസന പദ്ധതി ഓഫീസർ തലങ്ങളിൽ നല്കേണ്ടതും പ്രസ്തുത പരിപാടിയുടെ മേൽ നോട്ട ചുമതല പ്രോഗ്രാം ഓഫീസർമാർ നിർവഹിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിതാ-ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ് :-

കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രൊഫോർമ

പ്രൊഫോർമ

ജില്ലാ നോഡൽ ഓഫീസറുടെ പേരും തസ്തികയും (പ്രോഗ്രാം ഓഫീസർ) :

ഫോൺ നമ്പരും

അങ്കണവാടികളുടെ ആകെ എണ്ണം :

പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെട്ട പ്രവർത്തനങ്ങളുടെ സംഗ്രഹം

| ക്രമ നമ്പർ | പ്രവർത്തനം | എണ്ണം |
|---|---|---|
| 1 | ദേശീയ പാത ഉയർത്തൽ ചടങ്ങുകളുടെ എണ്ണം | |
| 2 | പങ്കെടുത്തവരുടെ എണ്ണം | |
| 3 | ഹർ ഘർ തിരംഗ പോർട്ടലിൽ അപ് ലോഡ് ചെയ്ത സെൽഫി കളുടെ എണ്ണം | |
| 4 | ദേശ സ്നേഹ പരിപാടികളുടെ എണ്ണം | |
| 5 | മറ്റ് പ്രവർത്തനങ്ങളുടെ എണ്ണം ( ദയവായി വ്യക്തമാക്കുക ) | |

ഹർ ഘർ തിരംഗ പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടി കേന്ദ്രങ്ങളിൽ നടത്തിയ വിവിധ പ്രവർത്തനങ്ങളെ ആസ്പദമാക്കിയ ഫോട്ടോഗ്രാഫുകളും വീഡിയോകളും സമർപ്പിക്കേണ്ടതാണ് . (10-20 ഉയർന്ന റെസല്യൂഷനിലുള്ള ഫോട്ടോഗ്രാഫുകളും കുറഞ്ഞത് 5 ഹ്രസ്വ വീഡിയോകൾ (ഓരോന്നിനും 60 സെക്കൻഡ് ദൈർഘ്യമുള്ളത്) )

കുറിപ്പ്: ക്യാമ്പയിനുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രത്യേക വിവരങ്ങൾ ഉണ്ടെങ്കിൽ ആയത് പ്രത്യേകം നൽകാവുന്നതാണ്.